"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ ഡിസൈൻ പോളിസിയുടെ ഭാഗമായി മേൽപ്പാലങ്ങളുടെ അടിഭാഗം വിവിധ തരത്തിലുള്ള വിനോദോപാധികൾ സ്ഥാപിച്ചു മനോഹരമാക്കി ഉപയുക്തമാക്കുന്ന പദ്ധതി - നോഡൽ ഏജൻസിയായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL) നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.240/2025/TSM തീയതി,തിരുവനന്തപുരം, 29-04-2025

---

പരാമർശം:- 1. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 12.04.2025 തീയതിയിലെ ഡി ഒ ടി /1055/2025-പി 5(1) നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ ഡിസൈൻ പോളിസിയുടെ ഭാഗമായി മേൽപ്പാലങ്ങളുടെ അടിഭാഗം വിവിധ തരത്തിലുള്ള വിനോദോപാധികൾ സ്ഥാപിച്ചു മനോഹരമാക്കി ഉപയുക്തമാക്കുന്ന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നതിന്റെ ഭാഗമായി, കേരളത്തിലെ ആദ്യത്തെ പദ്ധതി കൊല്ലം ജില്ലയിലെ എസ് .എൻ കോളേജ് റെയിൽവേ മേൽപ്പാലത്തിന് താഴെയുള്ള സ്ഥലത്ത് പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിരുന്നു.

(2) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി പുതിയ ഡിസൈൻ പോളിസി പ്രകാരമുള്ള ഡിസൈനുകളും നിർമ്മിതികളും ആവശ്യമാണെന്നും, ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സാങ്കേതിക തികവുള്ള ഒരു ഏജൻസിയുടെ സേവനം ഉപയോഗപ്പെടുത്തേണ്ടിവരുമെന്നും ആയതിനാൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മേൽപ്പാലങ്ങളുടെ അടിഭാഗം നവീകരിക്കാനുള്ള പദ്ധതിയുടെ നോഡൽ ഏജൻസിയായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL) നെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നിന്നും സ്വീകരിക്കണമെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ വിനോദസഞ്ചാര വകുപ്പ് ഡിസൈൻ പോളിസിയുടെ ഭാഗമായി മേൽപ്പാലങ്ങളുടെ അടിഭാഗം നവീകരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ നോഡൽ ഏജൻസിയായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL) നെ ചുമതലപ്പെടുത്തികൊണ്ട് ഉത്തരവാകുന്നു .

(4) ടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അനുവദനീയമായ തുക വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അനുവദിച്ചു നൽകേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ,വിനോദ സഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ,തിരുവനന്തപുരം

മാനേജിങ് ഡയറക്ടർ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL)

വിവര പൊതുജനസമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫിസ് കോപ്പി(ടൂർ-എ3/122/2025-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 29-04-2025 17:38:26

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്